പ്രൊപ്പോസൽ 7-2-2020-ലെ 09/2020-ാം നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. കാലോചിതമായ ചില കൂട്ടിച്ചേർക്കലുകൾ വരുത്തി ഭേദഗതി വരുത്തിയ രൂപരേഖ അംഗീകാരത്തിനായി Kerala Building and Other Construction Workers Welfare Board സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കി സമർപ്പിച്ച രൂപരേഖയിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച അടിയന്തര നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് എത്രയുംവേഗം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പ്രസ്തുത വിഷയം ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു പ്രത്യേക യോഗം ഇതുമായി ബന്ധപ്പെട്ട് കൂടുന്നതുമാണ്.

5. ടൂറിസം സർക്യൂട്ട്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഓണാട്ടുകരയുടെ ഹൃദയഭൂമിയും പ്രത്യേക കാർഷിക മേഖലയുമാണ് മാവേലിക്കര. ഒൻപതാം നൂറ്റാണ്ടിൽ ഇവിടെയാണ് ബുദ്ധ പ്രതിമ സ്ഥാപിക്കപ്പെട്ടത്. എ.ഡി. 823-ൽ സ്ഥാപിക്കപ്പെട്ട ദക്ഷിണകാശി എന്നറിപ്പെടുന്ന കണ്ടിയൂർ മഹാദേവ ക്ഷേത്രം, 1080 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, 12-ാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട മാരിയമ്മൻ കോവിൽ, 200 വർഷം പഴക്കമുള്ള ഹിദായത്തുൽ ഇസ്ലാം സമാജം മുസ്ലീം ജമാഅത്ത് ആദിക്കാട്ടുർ വലിയപള്ളി, നൂറ്റാണ്ടുകൾ പഴക്കമുള്ള മേട്ടുമ്പുറം ഉപ്പൂപ്പാ ഖബർ സ്ഥാനം, യുനെസ്കോയുടെ അംഗീകാരം നേടിയ ചെട്ടികുളങ്ങര ക്ഷേത്രം, കുംഭഭരണി മഹോത്സവം ലോക പ്രശസ്തമാണ്. 400 വർഷത്തിലേറെ പഴക്കമുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും 1845-ൽ സ്ഥാപിച്ച സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചും മാവേലിക്കരയിലാണ്. ഈ ആരാധനാലയങ്ങൾ പൗരാണിക ശിൽപ്പചാതുര്യത്തിന് മകുടോദാഹരണവും പതിനായിരക്കണക്കിന് വിശ്വാസികൾ എത്തിച്ചേരുന്നവയുമാണ്. ആധുനിക മലയാള ഭാഷയുടെ തമ്പുരാൻ കേരള പാണിനി എ. ആർ. രാജരാജവർമ്മയുടെ സ്മാരകം 'ശാരദാ മന്ദിരം' ഇവിടെയാണ്. റാണി ലക്ഷ്മീഭായിയുടെ നിർദ്ദേശപ്രകാരം കേണൽ മൺട്രോ സ്ഥാപിച്ച 200 വർഷത്തിലേറെ പഴക്കമുള്ള കോടതിയും 400 വർഷത്തിലേറെ പഴക്കമുള്ള മണ്ഡപത്തിൻകടവ്, ലോക പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ സ്മരണയ്ക്കായി 1915-ൽ സ്ഥാപിച്ച രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, നരേന്ദ്രപ്രസാദ് നാടക പഠന ഗവേഷണ കേന്ദ്രം, ശിവാനന്ദാശ്രമം, നവോത്ഥാന നായകൻമാരുടെ നാമധേയത്തിൽ ആരംഭിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം മാവേലിക്കരയിൽ നൂറനാടാണ് സ്ഥാപിക്കുന്നത്. മാവേലിക്കരയിലെ നൂറനാട്, പാലമേൽ പഞ്ചായത്തുകൾ ദേശാടന പക്ഷികൾ എത്തിച്ചേരുന്ന പ്രദേശവും പക്ഷി ഗ്രാമവുമാണ്. നൂറനാടിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നന്ദികേശ ശിൽപ്പ പൈതൃക ഗ്രാമമായി സാംസ്കാരിക വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ധാരാളം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം മേഖലയാണ്. ഇതിന് സമീപമുള്ള ഇരപ്പൻപാറ വെള്ളച്ചാട്ടം, വെട്ടിക്കോട് ചാലും വള്ളികുന്നം ചിറയും ടൂറിസ്റ്റുകളെ ആകർഷിക്കുന്നവയാണ്. വള്ളികുന്നം ചിറ ടൂറിസം പദ്ധതിക്ക് 2020-21-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട പ്രദേശങ്ങളുൾപ്പെടെ സഞ്ചാരികളെ ആകർഷിക്കുന്ന നിരവധി പ്രദേശങ്ങൾ മാവേലിക്കരയിലുണ്ട്. ഇവയെ ആകെ കോർത്തിണക്കി ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് മാവേലിക്കരയിൽ ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. എം. എസ്. അരുൺ കുമാർ ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം പരിഗണിക്കപ്പെടേണ്ടതുതന്നെയാണ്. മാവേലിക്കരയും സമീപപ്രദേശങ്ങളുൾപ്പെട്ട ഓണാട്ടുകര ഏറെ വിനോദ സഞ്ചാര വികസന സാധ്യതയുള്ള മേഖലയാണ്. പൊതുവെ ആ നിലയിലാണ് വിലയിരുത്തപ്പെടുന്നത്. ഓണാട്ടുകരയുടെ ചരിത്രവും പൈതൃകവും വിളിച്ചോതുന്ന ഒട്ടേറെ ശേഷിപ്പുകൾ ഈ പ്രദേശങ്ങളിലുണ്ട്. പ്രകൃതിഭംഗികൊണ്ട് ഏറെ അനുഗ്രഹീതമായ പല പ്രദേശങ്ങളും സഞ്ചാരികളുടെ ശ്രദ്ധയിൽപ്പെടാതെ കിടക്കുന്നു. നൂറനാട്, പാലമേൽ പ്രദേശങ്ങൾ ദേശാടന പക്ഷികളുടെ പറുദീസയാണ്. പക്ഷി നിരീക്ഷകർക്കും പ്രകൃതി സ്നേഹികൾക്കും ഇഷ്ടയിടമായ ഈ മേഖല ഇനിയും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ചെട്ടികുളങ്ങര, ചുനക്കര, പടനിലം തുടങ്ങിയ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും കെട്ടുകാഴ്ചകളും ഏറെ പ്രസിദ്ധമാണ്. ഓണാട്ടുകരയുടെ തനതായ കാർഷിക പാരമ്പര്യവും ചരിത്ര പ്രസിദ്ധങ്ങളായ സ്മാരകങ്ങളും ഉത്സവങ്ങളും പ്രകൃതിഭംഗിയും എല്ലാംതന്നെ സഞ്ചാരികൾക്കും ഭാവി തലമുറകൾക്കുമായി സംരക്ഷിച്ച് അനാവരണം ചെയ്യപ്പെടേണ്ടതുണ്ട്. ബുദ്ധമത പാരമ്പര്യം വിളിച്ചോതുന്നവയാണ് ഈ പ്രദേശങ്ങളിലെ ബുദ്ധ വിഗ്രഹങ്ങളും കെട്ടുകാഴ്ചകളും. ഇവയെല്ലാം സഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന വിധത്തിൽ അവതരിപ്പിക്കപ്പെടേണ്ടതുമാണ്. താമരക്കുളം പഞ്ചായത്തിലുൾപ്പെട്ട വയ്യാങ്കരച്ചിറ ഒരു വിനോദസഞ്ചാര കേന്ദ്രമായി ഇതിനോടകംതന്നെ ടൂറിസം വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയിലുൾപ്പെടുത്തി വയ്യാങ്കരച്ചിറയിൽ ടോയ്ലെറ്റ് ബ്ലോക്ക്, റെയിൻ ഷെൽട്ടർ, വാക്ക്വേ, ബോട്ട്ജെട്ടി, കുട്ടികളുടെ കളിസ്ഥലം, ലൈറ്റിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. പ്രകൃതി രമണീയമായ വള്ളികുന്നം ചിറയെ ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയാണ്. 2021-22-ലെ ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വോളിയം II-ൽ

200 ലക്ഷം രൂപ അടങ്കൽ വരുന്ന ഈ പദ്ധതിക്ക് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓണാട്ടുകര മേഖലയുടെ പൈതൃകവും കൃഷി രീതികളും ഉത്സവങ്ങളും തനത് കലാരൂപങ്ങളുമെല്ലാം കോർത്തിണക്കി ഒരു സർക്യൂട്ട് വികസിപ്പിച്ച് സഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതുവഴി ഈ പ്രദേശങ്ങളുടെ ആകെ വികസനത്തിനും പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും കഴിയുമെന്ന് കരുതുന്നു. ഈ മേഖലയെ ഒരു ടൂറിസം സർക്യൂട്ട് എന്ന നിലയിൽ വികസിപ്പിക്കുവാനുള്ള സാധ്യത പരിശോധിക്കും. ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗത്തിലും ഇത് വിശദമായി ചർച്ച ചെയ്യുന്നതായിരിക്കും.

6. സൗജന്യ ഓൺലൈൻ റെയിൽവേ യാത്രാ റിസർവേഷൻ

ശ്രീ. കെ. ബാബു (നെന്മാറ): സർ, മരണത്തെ മുഖാമുഖം കണ്ട് ജീവിതത്തിലേയ്ക്ക് തിരിച്ചെത്താൻ തീവണ്ടി മാർഗ്ഗം തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് വേണ്ടിയുള്ളതാണ് എന്റെ ഈ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ഉണ്ടെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്യാൻസർ രോഗികൾ ഏറ്റവും പ്രധാനമായും ചികിത്സയ്ക്ക് ആശ്രയിക്കുന്നത് തിരുവനന്തപുരത്തെ ആർ.സി.സി.-യെ ആണ്. കാസർഗോഡ് മുതൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളിൽ 90 ശതമാനവും ആർ.സി.സി.-യിൽ എത്തുന്നത് ട്രെയിൻ മാർഗ്ഗമാണ്. ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ആർ.സി.സി.-യിൽനിന്ന് ലഭിക്കുന്ന പാസുമായി നേരിട്ട് റെയിൽവേ സ്റ്റേഷനിലെത്തി ടിക്കറ്റെടുത്താൽ രോഗികൾക്ക് പൂർണ്ണമായും ക്ലാസുള്ള ഒരാൾക്ക് 50 ശതമാനത്തിന്റെയും ഇളവാണ് ഇപ്പോൾ ലഭിക്കുന്നത്. അതൊരു വലിയ സഹായമാണ്. ഈ മഹാമാരിയുടെ കാലത്തും ദിനംപ്രതി 300-ലധികം സൗജന്യ ട്രെയിൻ പാസ്സുകൾ ആർ.സി.സി. മുഖാന്തരം നൽകുന്നുണ്ടെന്നാണ് അറിയുന്നത്. ഓൺലൈൻ വഴി ടിക്കറ്റെടുത്താൽ ആർക്കും ലോകത്ത് എവിടേയ്ക്കും യാത്ര ചെയ്യാമെന്നിരിക്കെ ആർ.സി.സി.-യിൽനിന്നും നൽകുന്ന പാസ്സുമായി കിലോമീറ്റർ അകലെയുള്ള സ്വന്തം സ്ഥലത്തെ റെയിൽവേ സ്റ്റേഷനുകളിൽ നേരിട്ട് ചെന്നുവേണം ഈ പാവപ്പെട്ട രോഗികൾ ടിക്കറ്റെടുക്കാൻ. എന്നാൽ മാത്രമേ അവർക്ക് യാത്ര ചെയ്യാൻ കഴിയൂ എന്ന സ്ഥിതിയാണ് നിലവിലുള്ളത്. അതുകൊണ്ട് ആർ.സി.സി.-യിൽ ചികിത്സയ്ക്ക് എത്തുന്നവർക്കുകൂടി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ആർ.സി.സി.-യിൽത്തന്നെ ഒരു റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കാനാവശ്യമായ നടപടി ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly